# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

അഭിമുഖം നടത്തി ലിസ്റ്റ് തയ്യാറാക്കി നറുക്കെടുപ്പ് വഴി മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡ് ദേവസ്വങ്ങളിൽ എപ്രകാരം നറുക്കെടുപ്പ് നടത്തണമെന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ROC.60/21/S** — തീയതി: **22/11/2023**

സൂചന:- 1. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)ന്റെ **02/11/2022**-ലെ **CT.223/22/TDB/VIG** നമ്പർ റിപ്പോർട്ട്.
2. ഈ ആഫീസിലെ **04/09/2023, 19/09/2023** തീയതികളിലെ മേൽ നമ്പർ റിപ്പോർട്ട്.
3. **08/11/2023**-ലെ **ROC.10751/22/VIG/MIS-1** നമ്പർ ബോർഡ് കത്ത്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ അഭിമുഖം നടത്തി ലിസ്റ്റ് തയ്യാറാക്കി നറുക്കെടുപ്പ് വഴി മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡ് ദേവസ്വങ്ങളിലെ നറുക്കെടുപ്പിന്റെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നത് സംബന്ധിച്ച് സൂചന (1) റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത സ്ഥാപന നിയമത്തിൽ (റ്റി.സി.എച്ച്.ആർ.ഐ നിയമം) നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ദേവസ്വങ്ങളിലെ ഭരണകാര്യങ്ങൾ പൂർണ്ണമായും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചുമതലയിലാണ് നടത്തേണ്ടത്. ചെട്ടികുളങ്ങര ദേവസ്വം പോലുള്ള ചില അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡ് ദേവസ്വങ്ങളിൽ മേൽശാന്തിമാരുടെ നറുക്കെടുപ്പ് നടക്കുമ്പോൾ ദേവസ്വവുമായോ ഉപദേശകസമിതിയുമായോ ബന്ധമില്ലാത്ത ചില കൂട്ടായ്മകൾ അനാവശ്യമായി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) സൂചന (1) റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് ദേവസ്വങ്ങളിൽ നറുക്കെടുപ്പിലൂടെ മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ബോർഡിലേയ്ക്ക് നൽകി (സൂചന 2). പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചതായും ആയത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദ്ദേശിച്ച് ബോർഡുത്തരവായതായി സൂചന (3) പ്രകാരം ബോർഡ് കത്ത് ലഭിച്ചു.

ആകയാൽ സൂചന (1) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബോർഡ് നിർദ്ദേശം പരിഗണിച്ചും മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് നടത്തുന്നതിന് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. മേൽശാന്തിമാരെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന ദേവസ്വത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ എന്നിവരുടെ സാന്നിദ്ധ്യത്തിലും ദേവസ്വം കമ്മീഷണറോ ചുമതലപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരുടേയോ നേതൃത്വത്തിലും ആവണം നറുക്കെടുപ്പ് നടത്തേണ്ടത്.
2. നറുക്കെടുപ്പ് തീയതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ചിരിക്കണം.
3. നിത്യപൂജകൾക്ക് ഭംഗം വരാത്ത രീതിയിൽ സോപാനത്തിന് സമീപമോ കൊടിമര ചുവട്ടിലോ വച്ചാവണം നറുക്കെടുപ്പ് നടത്തേണ്ടത്.
4. മേൽശാന്തിമാരുടെ അഭിമുഖം നടത്തിയ ശേഷം തയ്യാറാക്കിയിട്ടുള്ള ചുരുക്കപ്പട്ടിക നറുക്കെടുപ്പ് നടത്തുന്ന സ്ഥലത്ത് ഉച്ചത്തിൽ വായിക്കണം.

(മറുപുറം..)

5. തുടർന്ന് നറുക്കെടുപ്പ് നടത്തുന്ന മേൽശാന്തിമാരുടെ പേരുകൾ രേഖപ്പെടുത്തിയ കുറികൾ ഒരു കുടത്തിലും 'മേൽശാന്തി' എന്നു രേഖപ്പെടുത്തിയ ഒരു കുറിയും (രണ്ട് മേൽശാന്തിമാരെ തെരഞ്ഞെടുക്കേണ്ട ദേവസ്വങ്ങളിൽ രണ്ട് കുറിയും) ബാക്കി ആവശ്യമുള്ള എണ്ണം ഒന്നും രേഖപ്പെടുത്താത്ത കുറികളും രണ്ടാമതൊരു കുടത്തിലും നിക്ഷേപിക്കണം.

6. കുറികൾ നിക്ഷേപിച്ച രണ്ട് കുടങ്ങളും ഒരു തട്ടത്തിലാക്കി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ഏൽപ്പിക്കുക. ടിയാൻ പ്രസ്തുത കുടങ്ങൾ പൂജ നടത്തുന്നതിനായി ശ്രീകോവിലിലെ മേൽശാന്തിയെ ഏൽപ്പിക്കുക.

7. പൂജകൾക്ക് ശേഷം മേൽശാന്തിയിൽ നിന്നും കുടങ്ങൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഏറ്റുവാങ്ങി നറുക്കെടുപ്പ് നടത്തുന്ന സ്ഥലത്ത് എത്തിക്കുകയും അവിടെ വച്ച് കുറികൾ ഉറക്കെ വായിച്ച് ബോധ്യപ്പെടുത്തി മടക്കിയോ ചുരുട്ടിയോ വീണ്ടും അതാത് കുടങ്ങളിൽ നിക്ഷേപിച്ച് നന്നായി കുലുക്കി തട്ടത്തിൽ വയ്ക്കുക.

8. കുറികൾ നറുക്കെടുക്കുന്നതിനായി ദേവസ്വത്തിൽ സന്നിഹിതരായിരിക്കുന്ന ഭക്തജനങ്ങളിൽ ഒരാളെ (10 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് മുൻഗണന) കണ്ടെത്തേണ്ടതും അവരെകൊണ്ട് ദേവസ്വം ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന പ്രകാരം കുടങ്ങളിൽ നിന്നും കുറി നറുക്കെടുക്കേണ്ടതുമാണ്.

9. മേൽശാന്തിയുടെ പേര് നിക്ഷേപിച്ച ഒന്നാം കുടത്തിൽ നിന്നുള്ള കുറി എടുത്ത ശേഷമാകണം രണ്ടാം കുടത്തിൽ നിന്നും കുറി എടുക്കേണ്ടത്. എടുക്കുന്ന കുറികളിലെ പേര് ഉച്ചത്തിൽ വായിക്കേണ്ടതുമാണ്.

10. ഒന്നാം കുടത്തിൽ നിന്നെടുത്ത പേരിനോടൊപ്പം രണ്ടാം കുടത്തിൽ നിന്നെടുത്ത കുറിയിൽ 'മേൽശാന്തി' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമാണ് ടിയാളെ മേൽശാന്തിയായി തെരഞ്ഞെടുക്കേണ്ടത്. അപ്രകാരം തെരഞ്ഞെടുത്ത മേൽശാന്തിയുടെ പേര് വീണ്ടും ഉച്ചത്തിൽ വായിച്ച് സന്നിഹിതരായവരെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

ടി മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറും ഉറപ്പ് വരുത്തേണ്ടതാണ്. മാനദണ്ഡത്തിന് വീഴ്ച വരുത്തുന്ന പക്ഷം കാരണക്കാരുടെ പേരിൽ കർശന അച്ചടക്കനടപടികൾ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ദേവസ്വങ്ങളിലെ ഭരണകാര്യങ്ങൾ പൂർണ്ണമായും ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ നടത്തേണ്ടതാണെന്ന തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് മേൽ പറഞ്ഞ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ദേവസ്വം ഉദ്യോഗസ്ഥരോ ദേവസ്വം ബോർഡ് ചുമതലപ്പെടുത്തുന്നവരോ അല്ലാതെ ആരും തന്നെ പങ്കെടുക്കുവാൻ പാടില്ലാത്തതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
6. സെക്ഷൻ ഫയൽ
7. ഫെയർ ഓഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.22/11